* അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്

# സകാത്ത്: മഹല്ല് നേതൃത്വം നൽകണം

**ഇസ്‌ലാമിലെ** അഞ്ച് മൗലിക ഘടകങ്ങളിൽ ഒന്നാണ് സകാത്ത്. സ്വർണം, വെള്ളി, കച്ചവട വസ്തുക്കൾ, കറൻസി, ആട് മാട് ഒട്ടകങ്ങൾ, കാർഷിക വിളകൾ തുടങ്ങിയ സമ്പത്തിന്റെ നിശ്ചിത വിഹിതം വർഷം തോറും സമൂഹത്തിലെ പാവപ്പെട്ടവർക്ക് നീക്കിവെക്കണമെന്ന പവിത്രമായ നിയമമാണ് സകാത്ത്.

വിശുദ്ധ ഖുർആനിൽ എൺപത്തിരണ്ട് സൂക്തങ്ങളിൽ നമസ്കരിക്കാൻ നിർദേശിക്കുന്നതോടൊപ്പം സകാത്ത് നൽകാനും നിർദേശിക്കുന്നുണ്ട്. ശരീരം കൊണ്ട് നിർവഹിക്കുന്ന ഏറ്റവും പുണ്യമുള്ള ആരാധനാകർമമായ നമസ്കാരത്തെപ്പോലെ പ്രാധാന്യമർഹിക്കുന്നതാണ് സമ്പത്തിൽനിന്ന് നിശ്ചിത വിഹിതം പാവപ്പെട്ടവർക്ക് നൽകണമെന്ന് നിഷ്കർഷിക്കുന്ന സകാത്ത് സംവിധാനമെന്ന് ഇത് സൂചിപ്പിക്കുന്നു.

ഇസ്‌ലാം നിശ്ചയിച്ച സകാത്ത് (നിർബന്ധദാനം) കുറ്റമറ്റ നിലയിൽ നിർവഹിക്കുകയാണെങ്കിൽ മുസ്‌ലിം മഹല്ലുകളിലെ ദാരിദ്ര്യം ക്രമാനുഗതമായി ഏതാനും വർഷങ്ങൾകൊണ്ട് നിർമാർജനം ചെയ്യാൻ കഴിഞ്ഞേക്കും. കാരണം സമ്പന്നരുടെ സകാത്ത് വിഹിതത്തിന് ആനുപാതികമായാണ് സമൂഹത്തിൽ ദാരിദ്ര്യം അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്.

അലി(റ)വിൽനിന്ന് നിവേദനം: നിശ്ചയം നബി(സ) പറഞ്ഞു: മുസ്‌ലിം സമ്പന്നരുടെ സമ്പത്തിൽ അല്ലാഹു നിശ്ചയിച്ച വിഹിതം അവരിലെ പാവപ്പെട്ടവരുടെ പ്രശ്നം പരിഹരിക്കുന്ന അളവിലാണ്. ദരിദ്രർ ഭക്ഷണം, വസ്ത്രം എന്നിവക്ക് വിഷമിക്കുന്നുവെങ്കിൽ അവരിലെ സമ്പന്നരുടെ ചെയ്തികൊണ്ട് മാത്രമാണത് (ത്വബറാനി).

സമുദായത്തിൽ ഇന്ന് നിലനിൽക്കുന്ന സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നവരുടെ ആധിക്യം സകാത്ത് കാര്യക്ഷമമായി നിർവഹിക്കപ്പെടുന്നില്ലെന്നതിലേക്കുള്ള വ്യക്തമായ ചൂണ്ടുപലകയാണ്. സകാത്ത് നൽകിയാൽ പണം കുറയില്ലെന്നും സകാത്ത് നൽകിയില്ലെങ്കിൽ സമ്പത്ത് നശിക്കുമെന്നും പ്രവാചകർ(സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അബൂകബ്ശ(റ)വിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: മൂന്ന് കാര്യം ഞാൻ സത്യം ചെയ്തു പറയുന്നു. ദാനം മൂലം സമ്പത്ത് കുറയില്ല. അന്യായമായി പീഡിപ്പിക്കപ്പെട്ടവൻ ക്ഷമ കൈക്കൊണ്ടാൽ അവന്റെ പ്രതാപം അല്ലാഹു വർധിപ്പിക്കുകതന്നെ ചെയ്യും. യാചനയുടെ കവാടം ഒരാൾ തുറന്നാൽ ദാരിദ്ര്യത്തിന്റെ കവാടം അല്ലാഹു അവന് മുമ്പിൽ തുറക്കുകതന്നെ ചെയ്യും (തിർമിദി).

ആഇശ(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: സകാത്തിന്റെ വിഹിതം സമ്പത്തിൽ ലയിച്ചു ചേർന്നാൽ അത് സമ്പത്തിനെ നശിപ്പിക്കാതിരിക്കില്ല (ബുഖാരി).

സകാത്ത് നൽകാത്തവർക്ക് പാരത്രിക ലോകത്ത് നിശ്ചയിക്കപ്പെട്ട ശിക്ഷ വിശുദ്ധ ഖുർആൻ ഇപ്രകാരം വ്യക്തമാക്കുന്നു: "അല്ലാഹു തങ്ങൾക്ക് നൽകിയ അനുഗ്രഹങ്ങളിൽ പിശുക്ക് കാണിക്കുന്നവർ അത് തങ്ങൾക്ക് ഗുണകരമാണെന്ന് വിചാരിക്കേണ്ടതില്ല. അതവർക്ക് വളരെ ഉപദ്രവകരമാകുന്നു. തങ്ങൾ പിശുക്കി സമ്പാദിച്ചുവെച്ചത് അന്ത്യനാളിൽ അവരുടെ കഴുത്തിൽ വളയമായി ചാർത്തപ്പെടും" (*ആലുഇംറാൻ* 180).

ഈ സൂക്തം വ്യാഖ്യാനിച്ചുകൊണ്ട് നബി(സ) പറയുന്നു: അബൂഹുറയ്റ(റ)വിൽനിന്ന് നിവേദനം: "അല്ലാഹു ഒരാൾക്ക് സമ്പത്ത് നൽകുകയും അവൻ അതിന്റെ സകാത്ത് നൽകാതിരിക്കുകയും ചെയ്താൽ അന്ത്യദിനത്തിൽ അവന്റെ സമ്പത്ത് കഠിനതരമായ വിഷമുള്ള സർപ്പമായി പരിവർത്തിക്കപ്പെടും. അവന്റെ കണ്ഠത്തിൽ വളയമായി ചാർത്തപ്പെടുന്ന ആ ഭീകരസർപ്പം അവന്റെ വായയുടെ രണ്ട് ഭാഗവും കടിച്ചുകീറിക്കൊണ്ടിരിക്കും. ഞാനാണ് നീ സൂക്ഷിച്ചുവെച്ച ധനം, ഞാനാണ് നിന്റെ സമ്പത്ത് എന്നിങ്ങനെ ആ സർപ്പം പറയും" (ബുഖാരി, മുസ്‌ലിം).

"വലിയ ബാധ്യതകളോടെ ഒരാൾ മരണപ്പെട്ടു. അയാളുടെ സമ്പത്ത് ബാധ്യത മുഴുവൻ കൊടുത്ത് വീട്ടാൻ തികയില്ല. എങ്കിൽ അനന്തര സ്വത്തിൽ മുൻഗണന നൽകേണ്ടത് സകാത്തിനാണ്" (*ഫത്ഹുൽ മുഈൻ* 2/179).

എട്ടു വിഭാഗം ആളുകളാണ് സകാത്ത് വാങ്ങാൻ അർഹർ. "നിശ്ചയം നിർബന്ധ ദാനം ദരിദ്രർ, അഗതികൾ, സകാത്ത് ഉദ്യോഗസ്ഥർ, പുതുവിശ്വാസികൾ എന്നിവർക്കും അടിമത്ത മോചനത്തിനും കടക്കാർക്കും അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്ന യോദ്ധാക്കൾക്കും യാത്രക്കാർക്കും മാത്രമാകുന്നു" (തൗബ 60).

ആരോഗ്യവും ജോലിയും വരുമാനവുമുള്ള, എന്നാൽ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം ജീവിതത്തിന് മതിയാകാത്ത വ്യക്തികളും 'അഗതികൾ' എന്നതിന്റെ വിശാലാർഥത്തിൽപെടും.

പത്തും അമ്പതും നൂറും രൂപ വീതമല്ല യഥാർഥത്തിൽ സകാത്ത് നൽകേണ്ടത്. അശരണരുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്ന വിധമാണ് സകാത്തിന്റെ ക്രമീകരണം. ശാഫിഈ മദ്ഹബിലെ പ്രമുഖ കർമശാസ്ത്ര ഗ്രന്ഥം പറയുന്നത് നോക്കൂ:

"കച്ചവടം ചെയ്യാൻ അറിയുന്ന ദരിദ്രന്നും അഗതിക്കും കച്ചവടത്തിനുള്ള മൂലധനമാണ് നൽകേണ്ടത്. ആ കച്ചവടത്തിന്റെ ലാഭം കൊണ്ട് അവർക്ക് നിത്യജീവിതത്തിന് കഴിയണം. തൊഴിലറിയുമെങ്കിൽ തൊഴിലുപകരണമാണ് വാങ്ങിക്കൊടുക്കേണ്ടത്. തൊഴിലും കച്ചവടവും അറിയില്ലെങ്കിൽ ആയുഷ്കാലം ജീവിക്കാൻ മതിയാകുന്ന സംഖ്യ നൽകണം" (*ഫത്ഹുൽ മുഈൻ* 2/189).

പണത്തിനും കച്ചവട വസ്തുക്കൾക്കും സകാത്ത് നിർബന്ധമാകാനുള്ള ഉപാധി 'നിസാബ്' (നിശ്ചിത തുക) തികയുകയും വർഷം പൂർത്തിയാവുക

* എസ്.വൈ.എസ് സംസ്ഥാന സെക്രട്ടറിയാണ് ലേഖകൻ

യും ചെയ്യലാണ്. പ്രതിവർഷം സകാത്ത് ആവർത്തിച്ചുകൊണ്ടിരിക്കണം. ഒരു വർഷം മാത്രം കൊടുത്താൽ പോരെന്നർഥം.

സകാത്ത് നിർബന്ധമാകാനുള്ള വെള്ളിയുടെ നിശ്ചിത അളവ് 695 ഗ്രാമാണ്. സ്വർണത്തിന്റെ നിശ്ചിത അളവ് 85 ഗ്രാമാണ്. സ്വർണം, വെള്ളി നാണയങ്ങൾക്ക് പകരമാണ് ഇന്നത്തെ കറൻസി എന്നതിനാൽ കറൻസിക്ക് സകാത്തുണ്ടെന്ന് ലോകതലത്തിലുള്ള മുഴുവൻ കർമശാസ്ത്ര അക്കാദമികളും തീരുമാനമെടുത്തിരിക്കുന്നു.

വെള്ളിയും സ്വർണവും തട്ടിച്ചു നോക്കുമ്പോൾ ആപേക്ഷികമായി വെള്ളിയുടെ 'നിസ്വാബ്' (നിശ്ചിത തുക) കുറവായതിനാൽ കറൻസിയുടെ 'നിസ്വാബ്' (നിശ്ചിത സംഖ്യ) വെള്ളിയുടേതായി നിശ്ചയിക്കുകയാണ് വേണ്ടതെന്ന് ആധുനിക കർമശാസ്ത്ര പണ്ഡിതന്മാർ പറയുന്നു.

ഇതെഴുതുമ്പോൾ ഒരു ഗ്രാം വെള്ളിയുടെ വില പതിനേഴു രൂപയാണ്. അത് പ്രകാരം ഇന്നത്തെ 'നിസാബ്' (നിശ്ചിത സംഖ്യ) 17:595=10115 രൂപയാണ്.

10115 രൂപയോ അതിലധികമോ ഒരു വ്യക്തിയുടെ കൈവശമുണ്ടെങ്കിൽ അല്ലെങ്കിൽ 10115 രൂപയുടെ കച്ചവട വസ്തുക്കൾ ഒരാളുടെ കടയിലുണ്ടെങ്കിൽ അയാൾക്ക് വർഷം തികയുമ്പോൾ സകാത്ത് നിർബന്ധമാകും.

കേരളത്തിൽ നാലായിരത്തിലധികം മുസ്‌ലിം മഹല്ലുകളുണ്ട്. സകാത്ത് നിർബന്ധമായ പതിനായിരങ്ങൾ നമുക്കിടയിലുണ്ട്. മഹല്ല് നേതൃത്വം സകാത്തിന്റെ വിഷയത്തിൽ അൽപം ശ്രദ്ധ ചെലുത്തിയാൽ ഇന്ന് മുസ്‌ലിംകൾക്കിടയിൽ നിലവിലുള്ള കഷ്ടപ്പാടിന് ഒരു പരിധിവരെ അറുതിവരുത്താനാകും.

സകാത്തിനെക്കുറിച്ചുള്ള സമ്പൂർണ വിവരവും സകാത്തിന്റെ പ്രാധാന്യവും സകാത്ത് നൽകേണ്ടവരെന്ന് അനുമാനിക്കുന്ന വ്യക്തികളെ നേരിൽ കണ്ട് ബോധ്യപ്പെടുത്തുകയെന്നത് വളരെ പ്രധാനമാണ്. അധികമാളുകൾക്കും ഇന്ന് സകാത്തിന്റെ വിശദാംശങ്ങളും ഗൗരവവും വേണ്ടത്ര അറിഞ്ഞുകൂടാ.

ഓരോ മഹല്ലുകളിലും സകാത്ത് വാങ്ങാൻ അർഹരായവരുടെ ലിസ്റ്റ് മഹല്ല് നേതൃത്വത്തിന് ഉണ്ടാക്കാവുന്നതാണ്. അതേ മഹല്ലിൽ സകാത്ത് നൽകേണ്ടവരെന്ന് കണക്കാക്കപ്പെടുന്ന വ്യക്തികളെ നേരിൽ കണ്ട് ഈ ലിസ്റ്റിൽനിന്ന് ഏതാനും ആളുകൾക്ക് നിശ്ചിത സംഖ്യ വീതം നൽകാൻ ധാരണയിലെത്തുക. മഹല്ല് നേതൃത്വം കണക്കാക്കുന്ന സംഖ്യ വിവിധ വ്യക്തികളിൽനിന്നായി ലിസ്റ്റിലുള്ളവർക്ക് മുൻഗണനാ ക്രമമനുസരിച്ച് കിട്ടുമെന്ന് ഉറപ്പു വരുത്താം. സകാത്ത് നിർബന്ധമില്ലാത്ത, എന്നാൽ ഐഛിക ദാനം നൽകാൻ തയാറുള്ള ഉദാരമതികളെയും ഈ വിഷയത്തിൽ പരിഗണിക്കാം. ഇപ്രകാരം ചെയ്താൽ ഏതാനും വർഷങ്ങൾ കൊണ്ട് നമ്മുടെ മഹല്ലുകളിലെ പാവപ്പെട്ടവരുടെ അവശത സമ്പൂർണമായി പരിഹരിക്കാനാകും.

ഇസ്‌ലാമിക ഭരണാധികാരിയുടെ അഭാവത്തിൽ സകാത്ത്, ഉടമ നേരിട്ട് നൽകലാണ് ഉത്തമമെന്ന കർമശാസ്ത്ര നിയമത്തോട് നീതി പുലർത്തുന്ന മാർഗമാണ് മുകളിൽ ചൂണ്ടിക്കാണിച്ചത്.

ഒരു 'വകീലിനെ' സകാത്ത് അർഹർക്ക് നൽകാൻ ഏൽപിക്കുന്നതും കർമശാസ്ത്ര ഗ്രന്ഥങ്ങൾ അംഗീകരിക്കുന്നു. ഈ നിയമമനുസരിച്ച് മഹല്ല് ഖാസിയോ അനുയോജ്യനായ മറ്റൊരു വ്യക്തിയോ വകീലായി നിശ്ചയിക്കപ്പെടുകയും മഹല്ലിലെ അർഹരെ കണ്ടെത്തി അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന വിധം തന്റെ കൈയിൽ ഏൽപിക്കപ്പെട്ട സകാത്ത് വിതരണം നടത്തുകയും ചെയ്യാവുന്നതാണ്. സകാത്ത് സംഘടിതമായി വിതരണം ചെയ്യുന്നതിന് ചിലയിടങ്ങളിൽ നടന്നു വരുന്ന കമ്മിറ്റി പ്രവർത്തനം കർമശാസ്ത്ര നിയമങ്ങൾക്കനുസൃതമല്ലാത്തതിനാൽ അവലംബിക്കപ്പെടാവതല്ല. വളരെ പ്രധാനപ്പെട്ട ഒരു 'ഇബാദത്താ'ണ് സകാത്ത്. നമസ്കാരം, നോമ്പ്, ഹജ്ജ് എന്നിവയെപോലെ സകാത്ത് സാധുവാകുന്നതിന് പാലിക്കപ്പെടേണ്ട നിബന്ധനകളും നിർബന്ധ ഘടകങ്ങളുമുണ്ട്. അവയെല്ലാം പാലിച്ച് സൂക്ഷ്മമായി നിർവഹിച്ചാൽ മാത്രമേ സകാത്ത് എന്ന ആരാധന സ്വീകാര്യമാവുകയുള്ളൂ.

കേരളത്തിലെ മുസ്‌ലിം മഹല്ലുകൾ മുകളിൽ സൂചിപ്പിച്ചതുപോലെ സകാത്ത് വിതരണരീതിയിൽ ക്രമീകരണം വരുത്തുകയും സകാത്ത് സംവിധാനം കാര്യക്ഷമമാക്കുകയും ചെയ്താൽ നമ്മുടെ സാമൂഹിക-സാമ്പത്തികരംഗത്ത് അത് വലിയ വിപ്ലവം കാഴ്ചവെച്ചേക്കും. നാഥൻ അനുഗ്രഹിക്കട്ടെ. ■

(*ചന്ദ്രിക* ദിനപത്രം, 2007 സെപ്റ്റംബർ 23)